Series ONS

SET-4

Code No. **12**

Roll No. | | | | | | | |

Candidates must write the Code on the title page of the answer-book.

- Please check that this question paper contains **7** printed pages.
- Code number given on the right hand side of the question paper should be written on the title page of the answer-book by the candidate.
- Please check that this question paper contains **4** questions.
- **Please write down the Serial Number of the question before attempting it.**
- 15 minute time has been allotted to read this question paper. The question paper will be distributed at 10.15 a.m. From 10.15 a.m. to 10.30 a.m., the students will read the question paper only and will not write any answer on the answer-book during this period.

# മലയാളം

# MALAYALAM

*അനുവദിച്ച സമയം : 3 മണിക്കൂർ* — *ആകെ മാർക്ക്: 100*

*Time allowed : 3 hours* — *Maximum Marks : 100*

1. (a) ഉപമയുടെ ലക്ഷ്യലക്ഷണമെഴുതി ലുപ്തോപമയുടെ വിഭാഗങ്ങൾ ഉദാഹരണമെഴുതി വിവരിക്കുക. 8

**അല്ലെങ്കിൽ**

ഉപമ എന്നാലെന്ത് ? രശനോപമ, മാലോപമ ഇവ ഉദാഹരണമെഴുതി വിശദമാക്കുക.

(b) 'വർണ്ണ്യത്തിലാശങ്ക' ജനിക്കുന്ന അലങ്കാരമേത് ? ഫലോൽപ്രേക്ഷ, ഹേതൂൽപ്രേക്ഷ, ധർമ്മ്യുൽപ്രേക്ഷ ഇവ നിർവചിച്ച് ഉദാഹരിക്കുക. 7

**അല്ലെങ്കിൽ**

ഉൽപ്രേക്ഷാലങ്കാരം ലക്ഷ്യലക്ഷണസമന്വയം ചെയ്ത് ധർമ്മോൽപ്രേക്ഷ, ഹേതൂൽപ്രേക്ഷ ഇവ ഉദാഹരണത്തെ മുൻനിർത്തി വിവരിക്കുക.

2. (a) 'മാതൃഭാഷ അന്യമാകുന്ന മലയാളിക്കുട്ടികൾ' എന്ന വിഷയത്തെ ആസ്പദമാക്കിനടന്ന ചർച്ചയുടെ റിപ്പോർട്ട് തയ്യാറാക്കുക. 7

**അല്ലെങ്കിൽ**

പ്രകൃതിസംരക്ഷണസമിതിയുടെ ആഭിമുഖ്യത്തിൽ നടന്ന ചർച്ചയുടെ റിപ്പോർട്ട് എഴുതുക.

(b) സ്കൂൾബാഗിന്റെ അമിതഭാരം സൃഷ്ടിക്കുന്ന ആരോഗ്യ പ്രശ്നങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ട് പ്രമുഖ പത്രത്തിലേക്ക് ഒരു കത്ത് തയ്യാറാക്കുക. 8

**അല്ലെങ്കിൽ**

വർദ്ധിച്ചുവരുന്ന മതതീവ്രവാദത്തിന്റെ ഭീകരതയിൽ നിങ്ങൾക്കുള്ള ആശങ്ക വെളിവാക്കിക്കൊണ്ട് പ്രമുഖ പത്രത്തിലേക്ക് ഒരു കത്ത് തയ്യാറാക്കുക.

(c) താഴെ തന്നിരിക്കുന്ന ഖണ്ഡിക വായിച്ച് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

''സദാചാര നിഷ്ഠയുള്ള ഒരാൾക്ക് മാത്രമേ മനസ്സാക്ഷി പ്രയോജനപ്പെടുകയുള്ളൂ. അയാൾക്കുമാത്രമേ സ്വന്തം ആത്മാവിന്റെ ശബ്ദം സ്പഷ്ടമായി കേൾക്കാൻ കഴിയൂ. ഒരു ദുഷ്ടനെ സംബന്ധിച്ചിടത്തോളം ഈ കഴിവ് തീർത്തും നഷ്ടപ്പെട്ടിരിക്കും. പാപകർമ്മവും അഴിമതിയും കൊണ്ട് അയാളുടെ മനസ്സാക്ഷി മരവിച്ചിട്ടുണ്ടാകും. തന്മൂലം അയാൾക്ക് തെറ്റും ശരിയും തിരിച്ചറിയാൻ സാധ്യമല്ല. സംഘടനകളുടെയും സ്ഥാപനങ്ങളുടെയും വ്യവസായ സംഘടനകളുടെയും ഗവണ്മെന്റുകളുടെയും തലപ്പത്തുള്ളവർ സ്വന്തം മനസ്സാക്ഷിയെ ഉപയോഗപ്പെടുത്താനുള്ള കഴിവു വികസിപ്പിക്കണം. കളങ്കമില്ലാത്ത മനസ്സാക്ഷിയുടെഉപയോഗം ഉൽകണ്ഠയിൽനിന്നും മനഃക്ലേശങ്ങളിൽ നിന്നുമുള്ള മോചനത്തിന് അവരെ സഹായിക്കും. ഇന്നു തെറ്റായ പ്രവൃത്തികളിലും പാപകർമ്മങ്ങളിലും ഏർപ്പെടുകയും അവയെ നിസ്സാരമായി കണക്കാക്കുകയും ചെയ്താൽ നാളെ ഗുരുതരമായ കുറ്റകൃത്യങ്ങളിലേർപ്പെടാൻ നിങ്ങൾ മടിക്കുകയില്ല. ഒരൊറ്റ ദുഷ്കൃതം മനസ്സാക്ഷിയിൽ കയറിപ്പറ്റാൻ അനുവദിച്ചാൽ അത് ഒരായിരം ദുഷ്കൃതങ്ങൾക്കു വഴിയൊരുക്കും. നിങ്ങളുടെ മനസ്സാക്ഷി മരവിക്കും. സംവേദനക്ഷമത നഷ്ടപ്പെടും. തിന്മചെയ്യുന്ന ശീലം തേളിന്റെ വിഷം പോലെ ശരീരത്തിലാകമാനം വ്യാപിക്കും. നിങ്ങൾ അഴിമതിക്കാരനായാൽ, ആ അഴിമതിയുടെ ഫലം അനുഭവിക്കുന്ന നിങ്ങളുടെ കുട്ടികൾ നിങ്ങളെ പരിഹസിക്കുകയാണെന്നു നിങ്ങൾ അറിയുന്നുണ്ടോ ? അവർ വിവരവും വിജ്ഞാനവും ഉള്ളവരാണ്. മാതാവെന്നോ പിതാവെന്നോ ഉള്ള മുഖംമൂടി കുട്ടികൾക്കു നിങ്ങളോടുള്ള അവജ്ഞയെ മറയ്ക്കാൻ പര്യാപ്തമല്ല. നിങ്ങൾ സ്വന്തം കുട്ടികൾക്കു മാതൃകയല്ലാതാകുന്നു. ഇതിൽ പരം അവമാനകരമായി മറ്റെന്താണുള്ളത് ? എയ്ഡ്സ്രോഗിയുടെ പ്രതി-

രോധശക്തിയെ എച്ച്.ഐ.വി വെല്ലുവിളിക്കുന്നതുപോലെ ഉന്നതസ്ഥാനങ്ങളിലിരിക്കുന്നവരുടെ മനസ്സാക്ഷിയെ അഴിമതി വെല്ലുവിളിക്കുന്ന ഒരു ഘട്ടത്തിലേക്കാണ് നമ്മുടെ സമൂഹം അതിവേഗം എത്തിക്കൊണ്ടിരിക്കുന്നത്. നമ്മുടെ ജീവരക്തത്തിലെ ഓരോ അണുവിലും അഴിമതി കടന്നു കൂടുന്നു. ഒരു സംസ്കാരമെന്ന നിലയ്ക്ക് ഇതിൽ നിന്നൊരു മോചനം സാധ്യമാണോ ?''എന്നാണ് ഡോ: എ.പി.ജെ.അബ്ദുൾകലാം നമ്മോടു ചോദിക്കുന്നത്. നമ്മുടെ സ്വന്തം ചെയ്തികളെക്കുറിച്ചുള്ള അറിവിന്റെയും തെറ്റും ശരിയും സംബന്ധിച്ച ബോധത്തിന്റെയും രൂപത്തിൽ, ജനിതകപരമായി കൈമാറിപ്പോന്നിട്ടുള്ള ഒരു ഉണ്മയാണ് മനസ്സാക്ഷിയെന്നും അദ്ദേഹം വെളിപ്പെടുത്തുന്നു.

(i) എന്താണ് മനസ്സാക്ഷി ? സദാചാരനിഷ്ഠയില്ലാത്ത ഒരാൾക്ക് മനസ്സാക്ഷി കൊണ്ട് ഒരു പ്രയോജനവുമില്ലെന്ന് പറയാൻ കാരണമെന്ത് ? **2**

(ii) എന്തിൽ നിന്നാണ് നമുക്ക് മോചനം നേടേണ്ടത് ? കാരണമെന്ത് ? **2**

(iii) എന്താണ് അപമാനകരമെന്നു പറയുന്നത് ? ഇപ്രകാരം പറയുന്നതെന്തു കൊണ്ട് ? **2**

(iv) തേളിന്റെ വിഷം പോലെ ശരീരത്തിലാകമാനം വ്യാപിക്കുന്നതെന്ത് ? എപ്രകാരം ? **2**

(v) ഖണ്ഡികയ്ക്ക് ഉചിതമായ ശീർഷകം നൽകുക. **2**

3. (a) **താഴെ കൊടുത്തിട്ടുള്ളവയിൽ ഏതെങ്കിലും ആറ് ചോദ്യത്തിന് ഉത്തരമെഴുതുക.** **6x5=30**

(i) പെരുകുന്ന മാധ്യമങ്ങൾക്കിടയിൽ തകരുന്ന മാധ്യമ സംസ്കാരത്തിനുദാഹരണമാണ് സന്തോഷ് എച്ചിക്കാനത്തിന്റെ 'കൊമാല' എന്ന കഥ. - സമർത്ഥിക്കുക.

(ii) യൗവനത്തിന്റെ കാഴ്ചപ്പാടിൽനിന്നുകൊണ്ട് 'വെള്ളസോക്സിട്ട മുടിനാരുകൾ' എന്ന ഉപന്യാസത്തിന് ഒരു പ്രതികരണക്കുറിപ്പ് തയ്യാറാക്കുക.

(iii) 'ആധുനികമനുഷ്യൻ നുണകൾകൊണ്ടു കെട്ടിപ്പടുത്ത ജീവിതമാണ് മുന്നോട്ടുകൊണ്ടുപോകുന്നത്.'- ഈ അഭിപ്രായം പരിശോധിക്കുക.

(iv) കഥയുടെ അനുക്രമമായ വികാസം കുട്ടികളിലൂടെ ആവിഷ്കരിക്കുന്നതിൽ റായ് വിജയംവരിച്ചിരിക്കുന്നതെപ്രകാരമെന്ന് 'പാതയുടെ സംഗീത'ത്തെ അടിസ്ഥാനമാക്കി വിശകലനം ചെയ്യുക.

(v) കണ്ണീരിൽനിന്ന് മഴവില്ലുണ്ടാക്കാൻ കഴിവുള്ള ഒരു അസാധാരണ കലാകാരനും മനുഷ്യനുമായിരുന്നു ബഷീർ. ഈ പ്രസ്താവനയോട് 'ബഷീർ ദ മാൻ'എന്ന ഡോക്യുമെന്ററി എത്രമാത്രം നീതി പുലർത്തുന്നുവെന്ന് വിമർശനാത്മകമായി വിലയിരുത്തുക.

(vi) കവിതയിൽ ചിഹ്നങ്ങൾ നൽകുന്ന അർത്ഥതലങ്ങൾ വലുതാണ്. 'വിളി'എന്ന കവിതയെ ആസ്പദമാക്കി വിലയിരുത്തുക.

(vii) ''പെനാൽറ്റി കിക്കുകൾതന്നെയാണ് ഗോളികളെക്കുറിച്ച് പഠിക്കുവാൻ പറ്റിയ മാധ്യമം''.- ആരാണ് ഇപ്രകാരം ചിന്തിച്ചത് ? കഥാഗതിയിൽ പെനാൽറ്റി കിക്കിന്റെ സാധ്യതകൾ അദ്ദേഹം എപ്രകാരം പ്രയോജനപ്പെടുത്തിയിരിക്കുന്നു ?

(viii) ടൂറിസത്തിലൂടെ തൊഴിലവസരങ്ങളുടെ വിപുലീകരണം എപ്രകാരം സാധ്യമാക്കാം ?

**(b) താഴെ കൊടുത്തിരിക്കുന്നവയിൽ ഏതെങ്കിലും നാല് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.** **4x5=20**

(i) ''മാറ്റൊലിക്കൊണ്ടീ മൊഴിതന്നെ
സർവദാ കാറ്റിരമ്പുന്നിന്നു കേരളത്തിൽ''. - ഈ വരികളിലെ ആശയം ധ്വനിപ്പിച്ച് ഇന്നത്തെ കേരളത്തിന്റെ അവസ്ഥ പരിശോധിക്കുക.

(ii) മനുഷ്യത്വത്തിന് സംഭവിച്ച അപചയമാണ് 'മനുഷ്യപ്രദർശന'ത്തിൽ ചർച്ച ചെയ്യുന്നത്. വിശദമാക്കുക.

(iii) ''നിൻകുടിയൊഴിഞ്ഞീടണം ഞങ്ങൾ
നിൻകുടിയൊഴിപ്പിക്കുമല്ലെങ്കിൽ''. - ഈ വരികളിലൂടെ കവി ധ്വനിപ്പിക്കുന്നതെന്തെന്ന് വിചിന്തനം ചെയ്യുക.

(iv) 'തിരസ്കാര'ത്തിൽ ചന്തകളെ കവണകൈകളോടുകൂടിയവയെന്നും നഗരങ്ങളെ തോക്കിൻകണ്ണുള്ളവയെന്നും വിശേഷിപ്പിക്കുന്നതിലൂടെ എന്ത് സാമൂഹികാവസ്ഥയെയാണ് വെളിപ്പെടുത്തുന്നത് ?

(v) ''ഒരു ജാതിയിൽ നിന്നല്ലോ പിറന്നിടുന്നു സന്തതി നരജാതിയി-തോർക്കുമ്പോൾ ഒരു ജാതിയിലുള്ളതാം''. സമൂഹത്തിൽ ഇന്നു കാണുന്ന പ്രശ്നങ്ങൾക്കെല്ലാം കാരണം ശ്രീനാരായണ ഗുരുവിന്റെ ഈ വരികളുടെ മഹത്വം അവഗണിച്ചതാണ് ! -ഈ അഭിപ്രായം പരിശോധിക്കുക.

(vi) കോഴിക്കുഞ്ഞിന്റെയും കാക്കക്കുഞ്ഞിന്റെയും സഞ്ചാരപഥങ്ങൾ അവരുടെ ജീവിതഗതിയെ നിർണ്ണയിക്കുന്നത് എപ്രകാരമെന്ന് വിവരിക്കുക.

4. **താഴെ കൊടുത്തിട്ടുള്ളവയിൽ ഏതെങ്കിലും ഒരു ചോദ്യത്തിന് ഉത്തരമെഴുതുക.** **1x10=10**

(i) എം.ടി.യുടെ എഴുത്തിനെയും അദ്ദേഹത്തിന്റ പുസ്തകസ്നേഹത്തെയും 'അമ്മയ്ക്ക്' എന്ന കൃതിയെ ആസ്പദമാക്കി വിശദമാക്കുക.

(ii) 'അമ്മയ്ക്ക് ' എന്ന ഗ്രന്ഥത്തിൽ തെളിയുന്ന എം.ടി.യുടെ അമ്മയുടെ സ്വഭാവസവിശേഷതകളെക്കുറിച്ച് വിവരിക്കുക.